(5) പോലീസിനെ ആക്രമിച്ചു എന്ന പേരിൽ മെഡിക്കൽ വിദ്യാർത്ഥി ബിനോയിയുടെ പിതാവിന്റെ പേരിലുള്ള കേസ്

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കഴിഞ്ഞ ദിവസം ഈ സഭയിൽ പോലീസിന്റെ മൃഗീയമായ ലോക്കപ്പ് മർദ്ദനത്തെക്കുറിച്ച്, മെഡിക്കൽ വിദ്യാർത്ഥിയായ ബിനോയിക്കുണ്ടായ മർദ്ദനത്തെക്കുറിച്ച് ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കർശന നടപടി ഉണ്ടാകുമെന്നാണ് മറുപടി പറഞ്ഞത്. നടപടി ഉണ്ടായില്ല എന്നു മാത്രമല്ല, ബിനോയിയെയും ബിനോയിയുടെ പിതാവിനെയും വീണ്ടും പോലീസ് ആക്രമിക്കുവാൻ ശ്രമിക്കുകയും അവരെ അപമാനിക്കുകയും പിതാവിന്റെ പേരിൽ കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്. ലോക്കപ്പിൽ കൊണ്ടുപോയി പോലീസുകാരും ഒരു മുൻപോക്കറ്റടിക്കാരനും കൂടി ക്രൂരമായി മർദ്ദിച്ച സംഭവത്തെക്കുറിച്ച് പറഞ്ഞപ്പോൾ മുഖ്യമന്ത്രി പറഞ്ഞു ഇതു ഗവൺമെന്റിന്റെ നയം അല്ല എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. ബിനോയിയുടെ മൊഴി അനുസരിച്ച് കേസ് എടുക്കുമെന്ന് പറഞ്ഞിട്ട് എന്താണ് കേസ് എടുക്കാത്തത്? ബിനോയിയുടെ കൈയിൽനിന്ന് 1,600 രൂപ തട്ടിയെടുത്തു എന്നു പറഞ്ഞ് വളരെ ലഘുവായ കുറ്റങ്ങൾക്ക് കേസ് എടുത്ത് അവർ ജാമ്യത്തിൽ ഇറങ്ങി. ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം ആർ. സി. സി. യിൽ സ്കാനിംഗിനു കൊണ്ടുപോയി തിരിച്ചു വരുന്ന വഴി വൺവേ തെറ്റിക്കുവാൻ ശ്രമിച്ചു എന്നതിന്റെ പേരിൽ പോലീസ് തടഞ്ഞുനിർത്തി അപമര്യാദയായി പെരുമാറി ബിനോയിയുടെ കോളറിൽ കയറിപ്പിടിച്ചു. അതു കഴിഞ്ഞ് പോലീസ് വിട്ടെങ്കിലും ചില ഭീകരന്മാരെ പിടിക്കുന്നതുപോലെ പോലീസ് വിട്ടയച്ചവരെ പി.എം.ജി ജങ്ഷനിൽവച്ച് തടഞ്ഞുനിർത്തി പിടിച്ച് പോലീസിനെ ആക്രമിച്ചു എന്ന് ചാർജ്ജ് ചെയ്ത് ബിനോയിയുടെ പിതാവിന്റെ പേരിൽ കേസ് എടുത്തിരിക്കുകയാണ്. മുഖ്യമന്ത്രി അങ്ങ് ഈ ലോക്കപ്പ് മർദ്ദനം ഗവൺമെന്റിന്റെ നയം അല്ലെന്ന് പറഞ്ഞത് ആത്മാർത്ഥതയോടു കൂടിയാണെങ്കിൽ, ബിനോയിക്ക് എതിരായിട്ട് പോക്കറ്റടിച്ചു എന്നുപറഞ്ഞ് കെ. വി. ആന്റണി പരാതി കൊടുത്തു. കെ. വി. ആന്റണി കൊടുത്ത പരാതി മുതൽ ബിനോയിയുടെ പിതാവിന്റെ പേരിൽ ഇന്ന് എടുത്ത കേസുവരെയുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അന്വേഷിക്കുവാൻ തയ്യാറുണ്ടോ ? ബിനോയി ടിക്കറ്റെടുക്കുവാൻ 50 രൂപ നോട്ട് എടുത്തപ്പോൾ പേഴ്സിൽ 100 രൂപ കണ്ടുകൊണ്ട് .....

മി. സ്പീക്കർ : അതൊക്കെ കഴിഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി : കെ. വി. ആന്റണി പരാതി കൊടുക്കുന്നു, ഇന്ന് ആ പരാതിക്കാരനെ കാണുന്നില്ല. എന്താണ് അതിന്റെ അർത്ഥം? രൂപ കൈയിലുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് പോലീസുതന്നെ കുറ്റം ചെയ്യുന്നതിനു പ്രേരണ കൊടുക്കുന്ന വിധത്തിൽ ഒരു പരാതി ഉണ്ടാക്കി ക്രൂരമായിട്ട് മർദ്ദിക്കുന്നു. മർദ്ദിക്കുന്നവർക്കെതിരെ നടപടി ഇല്ല. അതേസമയത്ത് ഇന്ന് പരാതിക്കാരന് എതിരെ, പരാതിക്കാരന്റെ പിതാവിനെതിരെ പോലീസിനെ ആക്രമിച്ചു എന്നുപറഞ്ഞ് കേസ് എടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ആത്മാർത്ഥതയോടു കൂടി ആണെങ്കിൽ ഈ കാര്യത്തിൽ കർശന നടപടി ഉണ്ടാകണം. അങ്ങ് പറയുന്നത് ഇന്ന് ആരും ഗൗരവമായി എടുക്കുന്നില്ല. ഇവിടെ പറയുന്നതു പോലെയല്ല കാര്യങ്ങൾ നടക്കുന്നത്. അതുകൊണ്ട് ഗൗരവമായി ഇതിന് നടപടി എടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : കെ. എൽ. 01-ജി. 4444-ാം നമ്പർ കാറിൽ 3-3-2000-ത്തിന് രാവിലെ 10.30 മണിയോടു കൂടി യാത്ര ചെയ്യുന്ന സമയത്ത് ആനടിയിൽ ആശുപത്രിക്കു മുൻവശം പൊട്ടക്കുഴി ജംഗ്ഷനിൽ വച്ച് കാർ തടഞ്ഞു നിർത്തി പോലീസ് തന്നോടും കാറിലുണ്ടായിരുന്ന മറ്റുള്ളവരോടും മോശമായി പെരുമാറിയതായി കാണിച്ച് ഒരു പരാതി ബിനോയിയുടെ പിതാവ് അബ്ദുൽ ഖാദർ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ വാഹനം വൺവേ തെറ്റിച്ച് ലോ കോളേജ് ഭാഗത്തേക്ക് പോകാൻ ശ്രമിച്ചപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ട്രാഫിക് കോൺസ്റ്റബിൾ വാഹനം തടഞ്ഞു. അപ്പോൾ വാഹനത്തിലുള്ളവർ കോൺസ്റ്റബിളിനെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചതായി ട്രാഫിക് കോൺസ്റ്റബിൾ പരാതിപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയാകുന്നതോടെ ആര് കുറ്റം ചെയ്താലും അവർക്കെതിരെ ശക്തിയായ നടപടികൾ സ്വീകരിക്കും.

(6) ആര്യനാട്-കുറ്റിച്ചലിലെ അനിൽ കുമാറിന് പോലീസ് മർദ്ദനമേറ്റതിനെത്തുടർന്ന് മാനസിക രോഗാശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നത് സംബന്ധിച്ച്

ശ്രീ. ജി. കാർത്തികേയൻ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുറ്റിച്ചൽ പഞ്ചായത്തിലെ അനിൽകുമാർ എന്നുപറയുന്ന ചെറുപ്പക്കാരനെ നെയ്യാർഡാം പോലീസ് ഒരു കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തുകൊണ്ടുപോയി. ആ കേസിന്റെ പരിധിയിലേക്ക് കടക്കുന്നില്ല. തെറ്റ് ചെയ്താൽ ശിക്ഷിക്കണം. സാധാരണ പോലീസ് മർദ്ദിച്ചാൽ ആശുപത്രിയിലാകും, കൈകാലുകൾ പോകും, ചിലപ്പോൾ മരിച്ചുംപോകും. പോലീസിന്റെ മർദ്ദനമേറ്റ് മാനസിക രോഗാശുപത്രിയിൽ പ്രതി അഡ്മിറ്റ് ചെയ്യപ്പെടുന്നത് ഒരുപക്ഷേ കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്. അനിൽകുമാർ എന്ന ചെറുപ്പക്കാരനെ പേരൂർക്കട മാനസിക രോഗാശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഇപ്പോൾ ചികിൽസ കഴിഞ്ഞുമടങ്ങിപ്പോയി. പ്രതിയായി പിടിച്ചുകൊണ്ടുപോയ അനിൽകുമാറിനെ അത്രയും ക്രൂരമായി മർദ്ദിച്ചവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം. ഇതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും അങ്ങയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : നെയ്യാർഡാം മുണ്ടൻചിറയിൽ അനിൽകുമാർ അയൽവാസിയായ അനിതാഭവനിൽ ഇന്ദിരയുടെ വീട്ടിന്റെ തട്ടിന്റെ മുകളിൽ ഒളിച്ചിരുന്നതായും, ഇന്ദിരയുടെ നിലവിളികേട്ട് ഓടിക്കൂടിയ ആൾക്കാർ അനിൽ കുമാറിനെ ഇറക്കിവിട്ടതായും കുറച്ചുകഴിഞ്ഞു നോക്കിയപ്പോൾ വീട്ടിൽ സൂക്ഷിച്ചിരുന്ന രൂപ മോഷണം പോയതായും കാണിച്ച് ഇന്ദിര നെയ്യാർഡാം പോലീസ് സ്റ്റേഷനിൽ 4-2-2000-ത്തിന് ഒരു പരാതി നൽകിയിരുന്നു. ഇതു സംബന്ധിച്ച് നെയ്യാർഡാം പോലീസ് സ്റ്റേഷനിൽ ക്രൈം 72/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണവുമായി ബന്ധപ്പെട്ട് അറിയിപ്പു നൽകിയിട്ടും ഹാജരാകാത്തതിനാൽ 28-2-2000-ത്തിന് രാവിലെ 9 മണിക്ക് രണ്ട് പോലീസുകാർ അനിൽകുമാറിനെ പോലീസ് സ്റ്റേഷനിൽ കൂട്ടികൊണ്ടുവന്ന് ചോദ്യം ചെയ്ത് താക്കീത് നൽകി വിട്ടു. 28-2-2000-ത്തിന് അനിൽകുമാർ

LIBRARY ARCHIVES Kerala Legislative Assembly